പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നമ്പർ : 128**

**28.05.2019 ൽ**
**മറുപടിക്ക്**

## പോലീസ് സേനയുടെ ആധുനികവത്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പോലീസ് സേനയുടെ ആധുനികവത്കരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | എ) പോലീസ് സേനയുടെ ആധുനികവൽകരണവും നവീകരണവും തദ്വാരശാക്തീകരണവും ഈ സർക്കാരിന്റെ നയം ആണ്. അതിനായി സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| ബി) വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | ബി) സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന്റേയും നിയന്ത്രിക്കുന്നതിന്റേയും ഭാഗമായി ജില്ലകൾ തോറും സൈബർ സെൽ രൂപീകരിച്ച് ശക്തമായ ഇന്റർനെറ്റ് പട്രോളിംഗ് നടത്തിവരുന്നു. സംസ്ഥാനത്ത് നിലവിൽ 3 സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ പ്രവർത്തിച്ചു വരുന്നു. കോഴിക്കോട് ജില്ലയ്ക്ക് അനുവദിച്ച സൈബർ ക്രൈം പോലീസ് സ്റ്റേഷൻ പ്രവർത്തനം ഉടൻ തന്നെ ആരംഭിക്കുന്നതാണ്. കൂടാതെ ഗുരുതര സ്വഭാവമുള്ള സൈബർ കുറ്റകൃത്യങ്ങൾ, രാജ്യാന്തര സ്വഭാവമുള്ള സൈബർ കുറ്റകൃത്യങ്ങൾ, കുട്ടികൾക്കും സ്ത്രീകൾക്കും എതിരെയുള്ള സൈബർ കുറ്റകൃത്യങ്ങൾ, ഇന്റർനെറ്റ് സംവിധാനങ്ങൾ ഉപയോഗിച്ചുള്ള ഭീകര പ്രവർത്തനങ്ങൾ, മത തീവ്രവാദ പ്രവർത്തനങ്ങൾ എന്നിവ തടയുന്നതിനും നിരീക്ഷിക്കുന്നതിനുമായി തിരുവനന്തപുരത്ത് ടെക്നോപാർക്ക് കേന്ദ്രീകരിച്ച് സൈബർ ഡോമും പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

പോലീസ് സേനയുടെ ആധുനികവൽക്കരണത്തിനായി 2018-19 സാമ്പത്തിക വർഷത്തില് 136 കോടി രൂപയാണ് അനുവദിച്ചത്. 2019-20ൽ 175 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മുൻ വർഷങ്ങളിലേതിനേക്കാള് ഏകദേശം മൂന്നിരട്ടി അധികമാണിത്.

തൃശ്ശൂർ റീജിയണല് ഫോറൻസിക് സയൻസ് ലബോറട്ടറിയെ ഹൈടെക് ലബോറട്ടറിയായി ഉയർത്തി.

ബാങ്കുകൾ, ധനകാര്യസ്ഥാപനങ്ങള്, ജ്വലറികള്, ഫാക്ടറികള് എന്നിവയുടെ സി.സി ടി.വി സംവിധാനം പോലീസുമായി ബന്ധപ്പെടുത്തി നിർവ്വഹിക്കുന്നതിന് സെൻട്രല് ഇൻട്രൂഷന് മോണിറ്ററിംഗ് സിസ്റ്റം (CIMS) നടപ്പിലാക്കുന്നതിന് അനുമതി നൽകി. CC TV Cameras with Remote Monitoring പദ്ധതി 200 പോലീസ് സ്റ്റേഷനുകളില് നടപ്പാക്കുന്നതിന് 14 ജില്ലകൾക്ക് ഫണ്ട് അനുവദിച്ചു.

ട്രാഫിക് നിയമലംഘകരിൽ നിന്ന് പിഴ ഈടാക്കുന്നതിനും റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനുമായി നടപ്പാക്കുന്ന ഇൻറഗ്രേറ്റഡ് ട്രാഫിക് എൻഫോഴ്സ്മെൻറ് സിസ്റ്റം എന്ന പദ്ധതിയുടെ ടെണ്ടര് നടപടികള് പുരോഗമിച്ചുവരുന്നു. ട്രാഫിക് പോലീസിൻറെ യൂണിഫോമില് ഘടിപ്പിക്കാവുന്ന ക്യാമറ വഴി നിയമലംഘകരെ കണ്ടെത്താനും നടപടി സ്വീകരിച്ചു.

സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ സൈബര് കുറ്റകൃത്യങ്ങള് അന്വേഷിക്കുന്നതിന് പരിശീലനം നൽകുന്നതിനായി പോലീസ് അക്കാദമിയില് സൈബർ ഫോറൻസിക് ലാബ് ഉൾപ്പെട്ട കേന്ദ്രം ആരംഭിച്ചു. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി എല്ലാ ജില്ലകളിലും 1515 എന്ന ടോൾഫ്രീ നമ്പരിൽ ബന്ധപ്പെടാവുന്ന കൺട്രോള് റൂമുകള് ആരംഭിച്ചു. അഞ്ച് നഗരങ്ങളില് 112 എന്ന നമ്പരിൽ ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് പോലീസിന്റെ അടിയന്തര സഹായം തേടുന്നതിനുള്ള എമർജൻസി റെസ്പോൺസ് സപ്പോർട്ട് സിസ്റ്റം ആരംഭിച്ചു.

ഓരോ പോലീസ് സ്റ്റേഷനുകൾക്കും സ്വന്തം വെബ്സൈറ്റ് തുടങ്ങാനും നടപടി സ്വീകരിച്ചിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ പോലീസിൽ പരാതികള് സ്വീകരിക്കാന് സംവിധാനമൊരുക്കി. പോലീസിന്റെ

സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് മൊബൈല് ആപ്പുകളും വെബ് പോർട്ടലുകളും സജ്ജമാക്കി.

ഇതിനു പുറമേ വിവര സാങ്കേതികവിദ്യയിലധിഷ്ഠിതമായ 'രക്ഷ' എന്ന ആപ്ലിക്കേഷനും, 'Know Your Police App' , 'Online traffic offence reporting and the remittance', 'Women Safety and Emergency Response', 'Dial 100', 'Police Clearance Certificate App', 'Virtual Guide for Police Service' എന്നീ പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്.

അന്വേഷണ ഉദ്യോഗസ്ഥർക്ക് വിരലടയാള വിവരങ്ങള് ഉടനടി ലഭ്യമാക്കാനുതകുന്ന നൂതന സംവിധാനമായ 'ഓട്ടോമേറ്റഡ് ഫിംഗർ ഐഡന്റിഫിക്കേഷൻ സിസ്റ്റം' ഏർപ്പെടുത്തി.

പ്രതികളെ ചോദ്യം ചെയ്യുന്നതിനായി ആധുനിക രീതിയിൽ ഇന്ററോഗേഷൻ റൂം സജ്ജമാക്കി.

സെക്ഷൻ ഓഫീസർ